# പതിമൂന്നാം കേരള നിയമസഭ - അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:4880 04/07/2012 - ൽ മറുപടിക്ക്

## വനിതാ മത്സ്യത്തൊഴിലാളി ശാക്തീകരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഷാഫി പറമ്പിൽ:<br>,, എം.എ. വാഹീദ്:<br>,, പി.എ. മാധവൻ:<br>,, റ്റി.എൻ. പ്രതാപൻ: | ശ്രീ.കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) തീരദേശ മേഖലയിലെ മത്സ്യത്തൊഴിലാളി സ്ത്രീകളുടെ ഉന്നമനത്തിനായി 'സാഫ്' എന്ന ഏജൻസി പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഈ ഏജൻസിയുടെ പ്രവർത്തന പരിപാടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) ഉണ്ട്. 1955-ലെ തിരുവിതാംകൂർ കൊച്ചി ലിറ്റററി സയന്റിഫിക് ആന്റ് ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം 01/06/2005-ൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന സംഘമാണ് സൊസൈറ്റി ഫോർ അസിസ്റ്റന്റ്സ് ടു ഫിഷർവുമൺ (സാഫ്). മത്സ്യത്തൊഴിലാളി സ്ത്രീകളുടെ സാമ്പത്തിക ശാക്തീകരണം, മത്സ്യമാർക്കറ്റുകളുടെ നിർമ്മാണം/ നവീകരണം, സൂക്ഷ്മ തൊഴിൽ സംരംഭങ്ങളുടെ നിലനിൽപ്പ്, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണ യൂണിറ്റ്, മത്സ്യ ഉൽപ്പന്നങ്ങളുടെ വിപണനത്തിനുള്ള സഹായം, മത്സ്യത്തൊഴിലാളി വനിതകൾക്ക് പലിശരഹിത വായ്പ, ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം, വൃത്തിയാക്കിയ പച്ച/ ഉണക്ക മത്സ്യ വിപണന യൂണിറ്റ്, ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം ഫേസ്-II, സുനാമി പുനരധിവാസ പദ്ധതി, സോപ്പ്/സോപ്പ് ഉൽപ്പന്നങ്ങളുടെ നിർമ്മാണ യൂണിറ്റ്, ഗ്രാമീണ വിപണന നിർവ്വഹണം, പ്രധാനമന്ത്രിയു |

| | | | |
|---|---|---|---|
| | | | ടെ ദേശീയ ദുരിതാശ്വാസനിധി എന്നീ പദ്ധതികൾ സാഫ് മുഖേന നടപ്പിലാക്കിയിട്ടുണ്ട്. ഇപ്പോൾ 'തീരമൈത്രി' എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. |
| (ബി) | സാഫിന്റെ പ്രവർത്തന ഫലമായി പ്രസ്തുത മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്തുവാൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | (ബി) | ഉണ്ട്. സംസ്ഥാനത്തെ 9 ജില്ലകളിൽ തീരദേശ മേഖലകളിൽ 2500 ഗ്രൂപ്പുകളിലൂടെ 10000 കുടുംബങ്ങൾക്ക് സ്വയം തൊഴിൽ ചെയ്ത് സ്വന്തമായി വരുമാനമുണ്ടാക്കുന്നതിന് സാധിക്കുകയും ഇതുമൂലം ഇവരുടെ ജീവിത നിലവാരം ഉയർത്തുന്നതിനും സാധിച്ചിട്ടുണ്ട്. |
| (സി) | സമൂഹത്തിലെ മത്സ്യത്തൊഴിലാളി സ്ത്രീകളുടെ ശാക്തീകരണം ലക്ഷ്യമാക്കി സാഫ് എന്തെങ്കിലും പുതിയ പദ്ധതികൾക്ക് രൂപം നൽകുന്നുണ്ടോയെന്ന് വെളിപ്പെടുത്തുമോ? | (സി) | മത്സ്യത്തൊഴിലാളി സ്ത്രീകളുടെ ശാക്തീകരണം ലക്ഷ്യമാക്കി 'തീരമൈത്രി' എന്ന പദ്ധതി സംസ്ഥാനത്തെ 9 ജില്ലകളിൽ തീരദേശ മേഖലകളിൽ നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ